4

# ദൈവത്തിന്റെ ദേശ വാഗ്ദാനം

ദൈവം ഈ ദേശം: ''അബ്രഹാമിനും, ഇസഹാക്കിനും, യാക്കൊബിനും അവന്റെ പിൻഗാമികൾക്കും എല്ലായ്പ്പോഴും ആയിരിക്കും എന്നല്ലേ വാഗ്ദാനം ചെയ്തതു?" എന്നു ചോദിച്ചേക്കാം.

അബ്രഹാമിനും അവന്റെ സന്തതികൾക്കും ഈ വാഗ്ദാനം ആദ്യമായി നല്കിയത്, അബ്രഹാം കല്ദയ ദേശമായ ഊരിൽ നിന്നു യാത്ര ചെയ്തു കുറെക്കാലം ഹാരാനിൽ പാർക്കുകയും, പിന്നെ കനാനിൽ (ഇന്നത്തെ - യിസ്രായേൽ) പാർക്കുകയും ചെയ്യുന്നതിനു മുൻപാണ്. ആ സമയത്തു ദൈവം അബ്രഹാമിനോടു പറഞ്ഞു, "ഈ ദേശം ഞാൻ നിന്റെ സന്തതികൾക്കു നല്കും" (ഉല്പത്തി 12:7).

അബ്രഹാം അവിടെ കൂടുതൽ താമസം ഉറപ്പിച്ചു കഴിഞ്ഞപ്പോൾ ദൈവം അവനോടു പറഞ്ഞു, "തല പൊക്കി, നീ ഇരിക്കുന്ന സ്ഥലത്തു നിന്നു വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക; നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും'' (ഉല്പത്തി 13:14, 15; ആവർത്തനപുസ്തകം 12:1 ഉം നോക്കുക). പിന്നീട് വാഗ്ദത്തം ഒരു നിയമരൂപത്തിൽ നല്കുകയും, അതിൽ ഒരു അതിര്വെക്കുകയും ചെയ്തു. മോശെ ആ അതിർ വളരെ വിശദമായി സംഖ്യാപുസ്തകം 34:2–12 വരെ പറയുന്നുണ്ട്, അതിൽ പത്തു കനാന്യ ദേശങ്ങൾ അടങ്ങുന്നതാണ്: "അന്നു യഹോവ അബ്രഹാമിനോടു ഒരു നിയമം ചെയ്തു, 'നിന്റെ സന്തതിക്കു ഞാൻ മിസ്രയിം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദി വരെയുള്ള ഈ ദേശത്തെ തന്നിരിക്കുന്നു' " (ഉല്പത്തി 15:18). ശലോമോന്റെ രാജ്യത്തിൽ ഇവയെല്ലാം ഉണ്ടായിരുന്നു "നദി മുതൽ ഫെലിസ്ത്യ ദേശം വരെ മിസ്രയിമിന്റെ അതിർ വരെയും ഉള്ള സകല രാജ്യത്തെയും ശലോമോൻ വാണു" (1 രാജാക്കന്മാർ 4:21).

ദൈവം അബ്രഹാമിനു നൽകിയ വാഗ്ദാനം ഇസഹാക്കിനും (ഉല്പത്തി 26:3, 4) പിന്നെ യാക്കൊബിനും യാക്കൊബിന്റെ സന്തതികൾക്കും നല്കി (ഉല്പത്തി 28:13; 35:12). വർഷങ്ങൾക്കു ശേഷം, അവന്റെ പിൻഗാമികൾ മിസ്രയിം വിട്ടുപോയശേഷം ദൈവം യിസ്രായേൽ ജാതിക്കു ദേശം വാഗ്ദാനം ചെയ്തു (പുറപ്പാട് 6:4, 8).

യോശുവയുടെ നേതൃത്വത്തിൽ, യിസ്രായേൽ ദേശം കീഴടക്കി അതിൽ പാർത്തു. യോശുവയുടെ ജോലി പൂർത്തിയായപ്പോൾ, ദൈവം തന്റെ വാഗ്ദാനം നിറവേറ്റി എന്നു വായിക്കുന്നു:

> യഹോവ യിസ്രായേലിന്നു താൻ അവരുടെ പിതാക്കന്മാർക്കു കൊടുക്കുമെന്നു സത്യം ചെയ്ത ദേശമെല്ലാം കൊടുത്തു. അവർ അതു കൈവശമാക്കി അവിടെ പാർത്തു (യോശുവ 21:43).
>
> "ഇതാ, ഞാൻ ഇന്നു സകല ഭൂവാസികളുടേയും വഴിയായി പോകുന്നു; നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെക്കുറിച്ചു അരുളിച്ചെയ്തിട്ടുള്ള സകല നന്മകളിലും വെച്ചു ഒന്നിനും വീഴ്ച്ച വന്നിട്ടില്ല" (യോശുവ 23:14).

യിസ്രായേലിന്നു ദൈവം ദേശം കൊടുത്തു എങ്കിലും, അവർ അവിടെ തുടർന്നു കൈവശമാക്കി അവിടെ പാർക്കുക എന്നതു ദൈവത്തെയും ദൈവ നിയമങ്ങളെയും അവർ ബഹുമാനിക്കുന്നത് അനുസരിച്ചിരിക്കും:

> "ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിനു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷി വെക്കുന്നു; അതുകൊണ്ടു നീയും നിന്റെ സന്തതിയും ജീവിച്ചിരിക്കേണ്ടതിനും യഹോവ നിന്റെ പിതാക്കന്മാരായ അബ്രഹാമിന്നും ഇസഹാക്കിനും യാക്കൊബിന്നും കൊടുക്കുമെന്നു സത്യം ചെയ്ത ദേശത്തു നീ പാർപ്പാൻ തക്കവണ്ണം നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കയും അവന്റെ വാക്ക് കേട്ടനുസരിക്കയും അവനോടു ചേർന്നിരിക്കയും ചെയ്യേണ്ടതിന്നും ജീവനെ തിരഞ്ഞെടുത്തുകൊൾക; അതല്ലൊ നിനക്കു ജീവനും ദീർഘായുസ്സും ആകുന്നു" (ആവർത്തന പുസ്തകം 30:19, 20).

ദൈവം ദേശം വാഗ്ദാനം ചെയ്തവരിൽ മിസ്രയിമിൽ നിന്നു പുറത്തു വന്ന തലമുറയിൽ (പുറപ്പാട് 6:8; 12:25; ആവർത്തന പുസ്തകം 9:23) – ദേശം കിട്ടിയതു രണ്ടു പേർക്കു മാത്രമാണ് (സംഖ്യാ പുസ്തകം 32:9–12; ആവർത്തന പുസ്തകം 1:35, 36; യോശുവ 5:6). ദൈവം യിസ്രായേലിനോടു കല്പിച്ചതു അവർ പ്രമാണിച്ചില്ലെങ്കിൽ, അവൻ അവരോടു എന്തു ചെയ്യണമെന്നു വിചാരിച്ചുവോ അതു ചെയ്യും. അവൻ അവരെ നയിക്കുകയായിരുന്നുവല്ലൊ (സംഖ്യാപുസ്തകം 33:55, 56): അവൻ ദേശം അവരിൽ നിന്നു എടുത്തുകളയും.

ദേശം, യിസ്രായേലിന്നു നിബന്ധനക്കു വിധേയമായിരുന്നു. ദൈവം ഉല്പത്തി 13:15–ൽ പറഞ്ഞു, "ഞാൻ അതു നിനക്കും നിന്റെ സന്തതികൾക്കും ശാശ്വതമായി നല്കും'' എങ്ങനെയായാലും, "ശാശ്വതം" എന്ന വാക്ക് ഈ വാഗ്ദാനത്തിൽ എബ്രായ ഭാഷയിൽ *അലാം* എന്നതിനർത്ഥം "തുർച്ചയായി" അല്ലാതെ "നിത്യമായി" എന്നല്ല.

അതു “എന്നേക്കും” എന്നും തർജ്ജിമ ചെയ്തിട്ടുണ്ട്. “ഞാൻ ... ഈ ദേശം നിന്റെ ശേഷം നിന്റെ സന്തതിക്കു ശാശ്വതാവകാശമായി കൊടുക്കയും ചെയ്യും എന്നു പറഞ്ഞു” (ഉല്പത്തി 48:4; കൂടാതെ പുറപ്പാട് 32:13).

*അലാം* എന്നതിന്റെ അർത്ഥം “ഒരിക്കലും അവസാനിക്കാത്ത” എന്ന് അർത്ഥമാകണമെന്നില്ല എന്നറിയുവാൻ ചില ഉദാഹരണങ്ങൾ മതിയാകും:

(1) ജനങ്ങൾ മോശെയിൽ “എന്നേക്കും” വിശ്വസിക്കും എന്നു ദൈവം പറഞ്ഞു (*അലാം;* പുറപ്പാട് 19:9). അതിനുശേഷം, പെട്ടെന്ന് അവർക്കു മോശെയിൽ വിശ്വാസം നഷ്ടപ്പെടുകയും മറ്റൊരു നായകനെ നിയമിക്കുവാൻ അവർ ആഗ്രഹിക്കുകയും ചെയ്തു (സംഖ്യാപുസ്തകം 14:4).

(2) എബ്രായ ദാസൻ തന്റെ യജമാനന്റെ പ്രീതി സമ്പാദിച്ചുകൊണ്ട് അവനെ ''സ്ഥിരമായി'' സേവിക്കും (*അലാം;* പുറപ്പാട് 21:6). മരണശേഷം, അടിമ തന്റെ യജമാനനെ സേവിക്കുന്നില്ല (ഇയ്യോബ് 3:19).

(3) അഹരോന്റെ മക്കളുടെ പൗരോഹിത്യം “നിത്യം” ആയിരിക്കേണം (*അലാം;* പുറപ്പാട് 40:15) പുതിയ നിയമം പറയുന്നതു പൗരോഹിത്യം മാറി എന്നാണ് (എബ്രായർ 7:12-14).

(4) യാഗാർപ്പണങ്ങൾ “സ്ഥിരം” ആയിരിക്കേണ്ടിയിരുന്നു (*അലാം;* ലേവ്യാപുസ്തകം 6:18). എങ്ങനെയായാലും, ആ യാഗങ്ങൾ ഇപ്പോൾ പ്രാബല്യത്തിലില്ല. “അവ വരുവാനുള്ളവയുടെ നിഴൽ മാത്രം ആയിരുന്നു” (എബ്രായർ 10:1-4 വരെ നോക്കുക).

വേറെയും പല ഉദാഹരണങ്ങൾ നല്കാം. അവർ ദൈവത്തെ അനുസരിക്കുന്ന കാലത്തോളം ദേശം അവർക്ക് അവകാശമായിരിക്കും. എന്നായിരുന്നു വാഗ്ദാനം. എങ്ങനെയായാലും, അവർ ദൈവത്തെ അനുസരിക്കാഞ്ഞാൽ അവരെ “ദേശത്തു നിന്നു ചിതറിച്ചുകളയും'' എന്നു മോശെ പറഞ്ഞിരുന്നു (ആവർത്തന പുസ്തകം 28:63).

യിസ്രായേൽ നിയമം ലംഘിച്ചാൽ അവരെ ശിക്ഷിക്കുമെന്നു ദൈവം പറഞ്ഞിരുന്നെങ്കിലും, അവരെ നിശേഷം നശിപ്പിക്കുകയില്ല എന്നു അവൻ വാഗ്ദാനം ചെയ്തിരുന്നു. നാം വായിക്കുന്നതു,

> എങ്കിലും അവർ ശത്രുക്കളുടെ ദേശത്ത് ഇരിക്കുമ്പോൾ അവരെ നിർമ്മൂലം ആക്കുവാനും അവരോടുള്ള എന്റെ നിയമം ലംഘിപ്പാനും തക്കവണ്ണം ഞാൻ അവരെ ഉപേക്ഷിക്കയില്ല, അവരെ വെറുക്കയുമില്ല; “ഞാൻ അവരുടെ ദൈവമായ യഹോവ ആകുന്നു. ഞാൻ അവരുടെ ദൈവം ആയിരിക്കേണ്ടതിനു ജാതികൾ കാൺകെ മിസ്രയിം ദേശത്തുനിന്നു ഞാൻ കൊണ്ടുവന്ന അവരുടെ പൂർവ്വന്മാരോടു ചെയ്ത നിയമം ഞാൻ അവർക്കു വേണ്ടി ഓർക്കും, ഞാൻ യഹോവ ആകുന്നു” (ലേവ്യാപുസ്തകം 26:44, 45).

എന്തുകൊണ്ടിങ്ങനെ സംഭവിച്ചു എന്നു ജാതികൾ അതിശയിക്കും

എന്നു ദൈവം മുന്നറിയിച്ചിരുന്നു:

> " 'യഹോവ ഈ ദേശത്തോട് ഇങ്ങനെ ചെയ്തതു എന്തു? ഈ മഹാ ക്രോധാഗ്നിയുടെ കാരണം എന്തു എന്നു സകല ജാതികളും ചോദിക്കും. അതിനുള്ള മറുപടി എന്തെന്നാൽ അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ അവരെ മിസ്രയിം ദേശത്തു നിന്നു പറപ്പെടുവിച്ചപ്പോൾ അവരോടു ചെയ്തിരുന്ന നിയമം അവർ ഉപേക്ഷിച്ചു' " (ആവർത്തനപുസ്തകം 29:24, 25).

നിയമത്തിന്റെ നിബന്ധനയനുസരിച്ചാണ് ദൈവം യിസ്രായേലിൽ പ്രവർത്തിച്ചത്, അവൻ അവരെ ശിക്ഷിച്ചു. ദൈവത്തിന്റെ മുന്നറിയിപ്പുകളും, ശിക്ഷയും അവരെ വീണ്ടും ദൈവത്തിലേക്കു തിരിയുമാറാക്കിയില്ല. ദൈവം യിരെമ്യാവിനോടു, പറഞ്ഞു,

> അവരോ അനുസരിക്കയും ചെവി ചായ്ക്കയും ചെയ്യാതെ ഓരോരുത്തൻ താന്താന്റെ ദുഷ്ട ഹൃദയത്തിന്റെ ശാഠ്യപ്രകാരം നടന്നു; ആകയാൽ ഞാൻ അവരോടു ചെയ്‌വാൻ കല്പിച്ചതും അവർ ചെയ്യാതെയിരുന്നതുമായ ഈ നിയമത്തിന്റെ വചനങ്ങളെപോലെ ഒക്കെയും ഞാൻ അവരുടെ മേൽ വരുത്തിയിരിക്കുന്നു. യഹോവ പിന്നെയും എന്നോടു അരുളിച്ചെയ്തതു: യെഹൂദാ പുരുഷന്മാരുടെ ഇടയിലും യെരുശലേം നിവാസികളുടെ ഇടയിലും ഒരു കൂട്ടുകെട്ട് കണ്ടിരിക്കുന്നു. അവർ എന്റെ വചനങ്ങളെ കേട്ടനുസരിക്കാത്ത പൂർവ്വപിതാക്കന്മാരുടെ അകൃത്യങ്ങളിലേക്കു തിരിഞ്ഞു. അന്യദേവന്മാരെ സേവിപ്പാൻ അവരോടു ചേർന്നിരിക്കുന്നു. ഞാൻ അവരുടെ പിതാക്കന്മാരോടു ചെയ്ത നിയമം യിസ്രായേൽ ഗൃഹവും യെഹൂദാ ഗൃഹവും ലംഘിച്ചിരിക്കുന്നു. അതുകൊണ്ടു യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. ഒഴിഞ്ഞു പോകുവാൻ കഴിയാത്ത അനർത്ഥം ഞാൻ അവർക്കു വരുത്തും അവർ എന്നോടു നിലവിളിച്ചാലും ഞാൻ കേൾക്കയില്ല (യിരെമ്യാവ് 11:8–11).

ദൈവം യെരുശലേമിൽ അന്ത്യം വരുത്തുകയും തന്റെ ജനത്തിനു അവസാന സംരക്ഷണം നടത്തുകയും ചെയ്യുന്ന സംഭവം താഴെ കൊടുത്തതിൽ കാണാം: "അനേകം ജാതികളും ഈ നഗരംവഴി കടന്നു പോകുമ്പോൾ ഓരോരുത്തൻ താന്താന്റെ വീട്ടുകാരനോടു: ഈ മഹാ നഗരത്തോടു യഹോവ ഇങ്ങനെ ചെയ്തതു എന്ത് എന്നു ചോദിക്കയും അവർ തങ്ങളുടെ ദൈവമായ യഹോവയുടെ നിയമം ഉപേക്ഷിച്ചു അന്യദേവന്മാരെ നമസ്ക്കരിച്ചു സേവിച്ചതുകൊണ്ടുതന്നേ എന്നുത്തരം പറയുകയും ചെയ്യും" (യിരെമ്യാവു 22:8, 9).

മറ്റു ദേശങ്ങൾക്കു യിസ്രായേൽ ജനം ഒരു പാഠ്യവസ്തു വായിത്തീർന്നു. നിയമത്തെ അനുസരിക്കുന്നതിനു പകരം അതു ലംഘിച്ചുകൊണ്ട് ദൈവാനുഗ്രഹങ്ങളെ അവർ തങ്ങളിൽ നിന്നു നീക്കിക്കളഞ്ഞു.


© 2009 Truth for Today